# സാന്തോം വോയ്സ്

പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം : 4 ലക്കം : 1 2014 ജനുവരി



## നാമഹേതുകതിരുന്നാളാശംസകൾ

**മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ**
**കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
**കാതോലിക്കാ ബാവയ്ക്ക് പത്തനംതിട്ട രൂപതയുടെ**

## പ്രാർത്ഥനാശംസകൾ....

ജനുവരി 18



# ആദരാഞ്ജലികൾ

ആചാര്യേശാ... മിശിഹാ, കൂദാ–ശകളർപ്പിച്ചോ...
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം...

# സാന്തോം വോയ്സ്

## പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 2014 ജനുവരി ലക്കം 1

Published By Chancellor, Eparchy of Pathanamthitta

# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF PATHANAMTHITTA

**Most Rev. Yoohanon Mar Chrysostom**
Bishop of Pathanamthitta

**Catholic Bishop's House**
Pathanamthitta-689 645
Ph: 04682-223100, 2223200

TO LOVE GOD AND NEIGHBOUR

## സർക്കുലർ

ദൈവതിരുനാമത്തിന് മഹത്വമുായിരിക്കട്ടെ.

**വന്ദ്യകോറെപ്പിസ്കോപ്പാമാരേ, വന്ദ്യറമ്പാൻമാരേ, വന്ദ്യവൈദികരേ, സന്ന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,**

മലങ്കര സഭയുടെ നവീകരണത്തിൽ ദൈവദാസനും പുനരൈക്യ ശില്പിയുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവ് ബഥനി പ്രസ്ഥാനത്തിലൂടെ നടത്തിയ പ്രവർത്തനങ്ങളുടെ സാക്ഷികളും പ്രയോക്താകളുമാണല്ലോ നമ്മൾ. സഭയുടെ നവീകരണം തുടർച്ചയായി നടക്കേ പ്രക്രിയ ആണല്ലോ. നാം ജീവിക്കുന്ന ചുറ്റുപാടിൽ സുവിശേഷം പ്രസംഗിക്കാനും അതിന്റെ ചൈതന്യത്തിൽ ജിവിക്കാനും സഭ എന്ന നിലയിൽ നമുക്ക് കടമയു്. നമ്മുടെ ഇടവകളും കൂട്ടായ്മകളും ഭക്തസംഘടനകളും ഈ പ്രക്രിയയിൽ പങ്കുചേരുന്നു. എന്നാൽ ആധുനിക ലോകത്തിന്റെ അതിവേഗപാച്ചിലിൽ ചിലപ്പോഴെങ്കിലും ഇതിന് മങ്ങലേൽക്കാറു്.

"പുതിയ വീഞ്ഞ് പഴയ തോല്ക്കുടങ്ങളിൽ സംഭരിച്ചാൽ തോല്ക്കുടങ്ങൾ പൊളിയുകയും വീഞ്ഞ് നഷ്ടപ്പെടുകയും ചെയ്യും" എന്ന് നമ്മുടെ കർത്താവ് അരുളിചെയ്യുന്നു (മത്താ.9, 17). ആധുനിക മനുഷ്യന്റെ ജീവിതശൈലി മനസ്സിലാക്കാനും കർത്യസുവിശേഷം ജിവിതസാഹചര്യങ്ങളിൽ പുനർവ്യാഖ്യാനം ചെയ്യാനും നമുക്ക് ബാധ്യതയും കടമയുമു്. അപ്പോഴാണ്, "യഹൂദരുടെ ഇടയിൽ യഹൂദരെപ്പോലെയും ഗ്രീക്കുകാരുടെ ഇടയിൽ ഗ്രീക്കുകാരെപ്പോലെയും വ്യാപരിച്ച് ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു" എന്ന് വിശുദ്ധ പൗലോസിനോടൊപ്പം പറയാൻ നമുക്കും സാധിക്കുക (Cfr. 1 കോറി. 9, 19 - 22).

മലങ്കരസഭയുടെ വിവിധ ഭൂപ്രദേശങ്ങളിൽ ബഥനി സന്ന്യാസസമൂഹം സ്ഥാപിച്ച നിരവധി അദ്ധ്യാത്മിക നവീകരണകേന്ദ്രങ്ങൾ ു്. മാവേലിക്കര രുപതയിൽ മാവേലിക്കര മാർ ഈവാനിയോസ് ആനിമേഷൻ സെന്റർ, തിരുവന്തപുരം മേജർ അതിരൂപതയിൽ കുളപ്പട ശാന്തിഗിരി ധ്യാനസെന്റർ മൂവാറ്റുപ്പുഴ രുപതയിൽ അടിമാലിയിലെ ധ്യാനാശ്രമം എന്നിവിടങ്ങളിൽ അനേകർ ആശ്വാസം തേടി എത്തുന്നു.

പത്തനംതിട്ട രൂപതയിലെ പെരുനാട്ടിലുള്ള മുൻമലയിലാണല്ലോ ബഥനി ആശ്രമപ്രസ്ഥാനം രൂപം കൊ ത്. മുൻമലയിലെ ആത്മിയചൈതന്യമാണ് മലങ്കരസഭാനവീകരണത്തിന്റെ ആരംഭം. 1940-ൽ മാർ ഈവാനിയോസ് പിതാവിന്റെ പ്രത്യേക താല്പര്യത്തിൽ വാങ്ങുകയും തൊണ്ണൂറുകളിൽ ബഥനി വൈദികർ താമസമാക്കുകയും ചെയ്ത പത്തനംതിട്ട തൈക്കാവിലുള്ള ബഥനിആശ്രമം ഒരു ധ്യാനസെന്റർ ആയി ഉയർത്തിയിരിക്കുന്നു. ഈ നാടിന്റെ ആത്മിയപുരോഗതിക്കായി അത് കൂദാശ ചെയ്ത് സമർപ്പിക്കാൻ പോകുകയാണ്. കൂദാശകർമം 2014 ജനുവരി 12-ന് വൈകിട്ടു മൂന്നുമണിക്ക് മലങ്കരസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിലും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പാലിത്തായുടെയും, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എപ്പിസ്കോപ്പായുടെയും സഹകാർമികത്വത്തിലും നടത്തപ്പെടുന്നു. പത്തനംതിട്ടയുടെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന തൈക്കാവ് കുന്നിലാണ് മൗ് താബോർ ബഥനി ആശ്രമം.

പൗരസ്ത്യ സന്ന്യാസ നിഷ്ഠയോടു കൂടിയ ആശ്രമജീവിതമാണിവിടെ. ദിനംപ്രതിയുള്ള പ്രാർത്ഥനകളും വിശുദ്ധ കുർബാനയും, കുർബാനയുടെ നിത്യാരാധനയും ഇവിടെ ക്രമീകരിച്ചിട്ടു്. കുമ്പസാരത്തിനും ആത്മിയോപദേശത്തിനും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും കൗൺസിലിംഗിനുമുള്ള അവസരം ഇവിടെയു ്. കുട്ടികൾക്കുള്ള പ്രത്യേകധ്യാനം, കൗമാരപ്രായക്കാർക്കുള്ള ലക്ഷ്യബോധ ക്യാമ്പ്, യുവാക്കൾക്കുള്ള മാർഗനിർദേശ ക്ലാസ്സുകൾ, കുടുംബനവീകരണ ധ്യാനങ്ങൾ ദമ്പതികൾക്ക് വേയുള്ള ധ്യാനങ്ങൾ, ലഹരിവിമുക്തി പ്രാപിച്ചവർക്കു വേയുള്ള കൂട്ടായ്മകൾ, സഭൈക്യപ്രവർത്തനങ്ങൾക്കുവേയുള്ള ക്യാമ്പുകൾ, സ്കൂൾ കുട്ടികൾക്ക് വേയുള്ള ഒരുക്കധ്യാനം, സന്ന്യസ്തർക്കും വൈദികർക്കും വേയുള്ള കൂട്ടായ്മകൾ ആദിയായവ ഇവിടെ നടത്തപ്പെടുന്നതാണ്.

2014 ജനുവരി 12-ാം തീയതി നടത്തപ്പെടുന്ന കൂദാശകർമങ്ങളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

പുതുവർഷത്തിന്റെ അനുഗ്രഹങ്ങൾ എല്ലാവർക്കും പ്രാർത്ഥനാപൂർവം നേരുന്നു.

സ്നേഹത്തോടെ,



**+യൂഹാനോൻ മാർ ക്രിസോസ്റ്റം**

പത്തനംതിട്ട മെത്രാപ്പോലീത്താ

**കാതലിക് ബിഷപ്സ് ഹൗസ്**
**പത്തനംതിട്ട**
**01/01/2014**

# വാർത്തകൾ

## വിശ്വാസവർഷ സമാപനവും നാമഹേതുക തിരുനാൾ ആഘോഷവും

വിശ്വാസവർഷത്തിന്റെ സമാപനവും അഭിവന്ദ്യ പിതാവിന്റെ നാമ ഹേതുക തിരുനാളും 2013 നവംബർ മാസം 16-ാം തീയതി ശനിയാഴ്ച കത്തീഡ്രൽ ദേവാലയത്തിൽവച്ച് സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം രാവിലെ 7.30ന് പ്രഭാതപ്രാർത്ഥനയും അതിനേതുടർന്ന് അഭി വന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും മറ്റ് പിതാക്കന്മാരുടെയും വൈദികരുടെയും സഹകാർമ്മികത്വത്തിലും നടന്ന വിശുദ്ധ കുർബ്ബാ നയിൽ തിരുവല്ല അതിരൂപതാ സഹായമെത്രാൻ ഫീലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി വിശ്വാസവർഷത്തിന്റെ പ്രാധാന്യത്തെ അനു സ്മരിപ്പിച്ചുകൊണ്ട് വചനപ്രഘോഷണം നടത്തി. രൂപതയിലെ എല്ലാ ഇടവകകളെയും പ്രതിനിധീകരിച്ചുകൊണ്ട് അനേകം വിശ്വാസികൾ വിശുദ്ധബലിയിൽ സംബന്ധിച്ചു. തുടർന്നു നടന്ന അനുമോദനസമ്മേളന ത്തിൽ മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാ ത്തിയോസ് മെത്രാപ്പോലീത്താ, ബഹു. ജോൺ കമ്പാറ, ബഹു. മദർ തമീം എസ്.ഐ.സി. എന്നിവർ പിതാവിനെ ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. അഭിവന്ദ്യ പിതാവിന്റെ മറുപടി പ്രസംഗത്തെ തുടർന്ന് ആഘോഷപരിപാടികൾ സമംഗളം പര്യവസാനിച്ചു.

നമ്മുടെ പിതാവിന്റെ സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാളും 40-ാം പൗരോ ഹിത്യ വാർഷികവും 15-ാം മെത്രാഭിഷേക വാർഷികവും ഒരുമിച്ച് ആഘോഷിച്ച ഈ വേളയിൽ വന്ദ്യ പിതാവിനെ കണ്ട് ആശംസകൾ അറിയിക്കുകയും ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്ത ഏവ രെയും, പ്രത്യേകിച്ച് ബഹു. വൈദികർ, സന്ന്യസ്ഥർ, സിസ്റ്റേഴ്സ്, ഇട വകകളെ പ്രതിനിധീകരിച്ച് ട്രസ്റ്റി, സെക്രട്ടറി, സംഘടനാ പ്രതിനിധി കൾ, കുടുംബങ്ങൾ ഏവരെയും നന്ദിയോടെ ഓർക്കുന്നു. നാമഹേതുക തിരുനാളോടനുബന്ധിച്ച് നിശ്ചയിച്ച പ്രകാരം 16 ഭവനങ്ങളുടെ നിർമിതിയി ലേക്കായി 28 ലക്ഷം രൂപ സമാഹരിക്കുന്നതിന് സാധിച്ചു. ഏവരുടെയും സഹകരണത്തിന് രൂപതയുടെ നാമത്തിലുള്ള നന്ദി അറിയിക്കുന്നു.

## വിശ്വാസവർഷ വൈദിക സംഗമം

പത്തനംതിട്ട രൂപതയിൽ ബഹു. വൈദികരുടെ വിശ്വാസവർഷ സംഗമം പത്തനംതിട്ട ബിഷപ്പ്സ് ഹൗസിൽ 2013 ഡിസംബർ 3, 4 തീയ തികളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ യൂഹാനോൻ മോർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ വൈദികസംഗമ കൂട്ടായ്മയ്ക്ക് ആമുഖസന്ദേശം നൽകുകയും വിശ്വാസവളർച്ചയിൽ വൈദികരുടെ പങ്കിനെപ്പറ്റി വ്യക്ത മാക്കുകയും ചെയ്തു. സുവിശേഷസംഘത്തിന്റെ മേജർ അതിരൂപതാ

ഡയറക്ടറായ ബഹു. ഫാദർ ആന്റണി കാക്കനാട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശ്വാസവളർച്ചയുടെ അഞ്ചു ഘട്ടങ്ങളെപ്പറ്റി ബഹുമാനപ്പെട്ട അച്ചൻ വിശദീകരിച്ചു. വിശ്വാസജീവിതത്തിന്റെ ആഴങ്ങളെയും അർത്ഥങ്ങളെ യുംപറ്റി വൈദികരെ ബോധ്യപ്പെടുത്തി. ക്ലാസുകളുടെ അവസാന സെക്ഷൻ, ബഹു. കുര്യാക്കോസ് തടത്തിലച്ചൻ നിർവഹിച്ചു. വിശ്വാ സജീവിതത്തിന് ആവശ്യമായ നോമ്പുപവാസങ്ങളുടെയും, യാമ പ്രാർത്ഥനകളുടെയും ആവശ്യകതയെപ്പറ്റി വൈദികരെ ബോധ്യപ്പെടുത്തി. വിശ്വാസവളർച്ചയിൽ ഇടവകകളുടെ പൂർണ്ണമായ സാന്നിദ്ധ്യം ഉറപ്പാക്കിയ സംഗമത്തിൽ രൂപതയിലെ എല്ലാ വൈദികരുടെയും സാന്നിദ്ധ്യം ശ്ലാഘ നീയമായിരുന്നു.

## ജനറൽ അസംബ്ലി ഓഫ് ബിഷപ്സ്

2014 ജനുവരി 7-ാം തീയതി 'സുവിശേഷവത്കരണത്തിൽ കുടുംബ ങ്ങൾ നേരിടുന്ന അജപാലന മേഖലയിലെ പ്രശ്നങ്ങൾ' എന്ന വിഷ യത്തെ ആസ്പദമാക്കി ബഹു. വൈദികരുടെ അസാധാരണ വൈദിക സമ്മേളനം പത്തനംതിട്ട ബിഷ്പ്സ് ഹൗസിൽ നടന്നു. 2014 ഒക്ടോബ റിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ അദ്ധ്യക്ഷതയിൽ ജനറൽ അസംബ്ലി ഓഫ് ബിഷപ്സിന്റെ കൂട്ടായ്മ നടക്കുകയാണ്. പത്ത നംതിട്ട ബിഷപ്സ് ഹൗസിൽ നടന്ന ക്ലാസുകൾക്ക് കെ.സി.ബി.സി.യുടെ ഫാമിലി കമ്മീഷൻ സെക്രട്ടറിയായ റവ.ഫാ. ജോസ് കോട്ടയിൽ നേതൃത്വം നൽകി. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നു ള്ളതാണ് കുടുംബത്തിന്റെ ധർമ്മം എന്ന് അദ്ദേഹം പ്രസ്ഥാവിച്ചു.

## സഭാവസ്ത്രസ്വീകരണം

പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനം നട ത്തുന്ന ബഹുമാനപ്പെട്ട ആറു വൈദികവിദ്യാർത്ഥികൾ 2013 ഡിസം ബർ 20-ാം തീയതി അരമന ചാപ്പലിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽ നിന്ന്, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എപ്പിസ്കോപ്പായുടെ സഹകാർമ്മികത്വത്തിൽ സഭാവസ്ത്രം സ്വീകരിച്ചു. സഭാവസ്ത്രം സ്വീകരിച്ച വൈദികവിദ്യാർത്ഥി കളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ബ്ര. നെടുമാംകുഴിയിൽ തോമസ്, വയലത്തല
2. ബ്ര. പൗവത്ത് തോമസ്, പത്തനംതിട്ട
3. ബ്ര. പടയാനിക്കൽ മാത്യു, മുറിഞ്ഞകൽ
4. ബ്ര. തയ്യിൽ വർഗീസ്, കൊച്ചുകുളം
5. ബ്ര. വടക്കേക്കര തോമസ്, ഇലന്തൂർ
6. ബ്ര. കൊല്ലറക്കുഴിയിൽ മാത്യു, കാർമല

## റീജൻസി മാറ്റം

കഴിഞ്ഞ ആറുമാസക്കാലമായി ഭദ്രാസനത്തിന്റെ വിവിധ ശുശ്രൂഷാസ്ഥലങ്ങളിൽ റീജൻസി ചെയ്ത വൈദികവിദ്യാർത്ഥികളുടെ പുതിയ റീജൻസി സ്ഥലങ്ങൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| 1. | ബ്ര. നെടുമാംകുഴിയിൽ തോമസ് | തട്ടയിൽ |
| 2. | ബ്ര. പൗവത്ത് തോമസ് | കാതോലിക്കേറ്റ് സെന്റർ |
| 3. | ബ്ര. പടയാനിക്കൽ മാത്യു | പുത്തൻ പീടിക |
| 4. | ബ്ര. തയ്യിൽ വർഗീസ് | ബിഷപ്സ് ഹൗസ് |
| 5. | ബ്ര. വടക്കേക്കര തോമസ് | മൈനർ സെമിനാരി |
| 6. | ബ്ര. കൊല്ലറക്കുഴിയിൽ മാത്യു | കെ. സി. എസ്. എൽ |

## ഡീക്കൻ മിനിസ്ട്രി

പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ആറു ശെമ്മാശന്മാർ ഡീക്കൻ മിനിസ്ട്രിയിലേക്ക് പ്രവേശിച്ചിരിക്കുന്നു. ശെമ്മാശന്മാരുടെ ശുശ്രൂഷാസ്ഥലങ്ങൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| 1. ഡീക്കൻ തോമസ് ചിറയത്ത് | ഇലന്തൂർ |
| 2. ഡീ. പുതുപ്പറമ്പിൽ ഗീവർഗീസ് | ബിഷപ്സ് ഹൗസ് |
| 3. ഡീ. പേഴുംമൂട്ടിൽ മാത്യു | ആനന്ദപ്പള്ളി |
| 4. ഡീ. തൈക്കൂട്ടത്തിൽ റോബിൻ | വയ്യാറ്റുപുഴ |
| 5. ഡീ. പതാലിൽ സ്കറിയ | കുറിച്ചിമുട്ടം |
| 6. ഡീ. കൊഴുവക്കാട്ട് ഡാനിയേൽ | കത്തീഡ്രൽ |

## ദൈവാലയ കൂദാശ

പത്തനംതിട്ട രൂപതയിൽ പുതുതായി നിർമിക്കപ്പെട്ട ഏറത്തുമ്പമൺ, സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശാകർമം 2013 നവംബർ 30-ന് ഉച്ചയ്ക്ക് 2.30ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ദേവാലയകൂദാശയിൽ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എപ്പിസ്കോപ്പായും, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് എപ്പിസ്കോപ്പായും സഹകാർമികരായിരുന്നു. ദേവാലയ കൂദാശയോടനുബന്ധിച്ച് 24-ാം തീയതി നടത്തപ്പെട്ട വിളംബര റാലി പത്തനംതിട്ട രൂപതയുടെ മുഖ്യവികാരി ജനറാൾ ജോസ് ചാമക്കാലായിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ബാഹ്യകേരളാ മെത്രാപ്പോലീത്താ അഭിവന്ദ്യ ജേക്കബ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ദേവാലയത്തിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ശുശ്രൂഷകൾക്ക് ബഹു. ഫാ. വർഗ്ഗീസ് വിളയിൽ നേതൃത്വം നൽകി.

**ആന്തരിക സൗഖ്യ വിശ്വാസവളർച്ചാധ്യാനം**

2014 മാർച്ച് 9-ാം തീയതി ഞായറാഴ്ച രണ്ടു മണി മുതൽ മാർച്ച് 14 തീയതി വെള്ളിയാഴ്ച 10 മണിവരെ വൈദികർക്കും സന്യസ്തർക്കും വേണ്ടിയുള്ള ആന്തരിക സൗഖ്യ വിശ്വാസവളർച്ചാധ്യാനം ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ഫാ. മാത്യു ഇലവുങ്കൽ വി. സി. വൈദികർക്കും സന്യസ്തർക്കും വേണ്ടിയുള്ള വിശ്വാസ വളർച്ചാ ധ്യാനം നയിക്കുന്നതായിരിക്കും.

**വിന്നേഴ്സ് 2014**

എസ്. എസ്. എൽ. സി, പ്ലസ് വൺ, പ്ലസ് റ്റു, ഡിഗ്രി വിദ്യാർത്ഥികൾക്കായുള്ള പരീക്ഷാ ഒരുക്കധ്യാനം മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ *2014 ജനുവരി 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിമുതൽ 12 -ാം തീയതി ഉച്ചയ്ക്ക് 1 മണി വരെ* നടത്തപ്പെടുന്നു. ഭയത്തിൽ നിന്നും ഉത്കണ്ഠയിൽ നിന്നും ധീരതയോടെ യേശുവിനോടൊത്ത് പരീക്ഷയെഴുതി ഉന്നത വിജയം കൈവരിക്കാൻ വിദ്യാത്ഥികളെ ഒരുക്കുന്ന ഈ ധ്യാനത്തിന് ഡിവൈൻ ധ്യാനകേന്ദ്രത്തിലെ ആത്മീയ ഗുരുക്കന്മാരും ജെസ്-റ്റീൻ ടീമും നേതൃത്വം നല്കുന്നു.

*വിശദവിവരങ്ങൾക്ക് :*

ജെസ്-റ്റീൻ ഡിവൈൻ ധ്യാനകേന്ദ്രം
മുരിങ്ങൂർ പി.ഒ.
ചാലക്കുടി, ഫോൺ: 9605554213, 0480-2708513

## Transfer 2014

| | |
|---|---|
| റവ.ഫാ. ആന്റോ കണ്ണംകുളം | - അട്ടച്ചാക്കൽ, ചെങ്ങറ |
| റവ. ഡോ. സാം ജയിംസ് വെങ്ങാട്ടൂർ | - കാതോലിക്കേറ്റ് സെന്റർ, പട്ടം |
| ഫാ. മാത്യു നെരിയാട്ടിൽ | - മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം |
| ഫാ. മാത്യു പേഴുംകൂട്ടത്തിൽ | - കോന്നിതാഴം, മുളന്തറ |

**സുവർണ്ണ ജൂബിലി**

വൈദിക ജീവിതത്തിന്റെ 50-ാം വർഷത്തിന്റെ നിറവിലായിരിക്കുന്ന വന്ദ്യ കുരിശുമല മാത്യൂസ് റമ്പാച്ചൻ, ബഹുമാനപ്പെട്ട ഫാ. തോമസ് എഴിയത്ത്, ഫാ. ജോഷ്വാ ചുട്ടിപ്പാറ എന്നീ വന്ദ്യ വൈദീകർക്ക് പത്തനംതിട്ട രൂപതയുടെ സുവർണ്ണജൂബിലി മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേർന്നുകൊള്ളുന്നു.

## എപ്പിഫനി 2013

ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സീതത്തോട് സബ്ജില്ല കേന്ദ്രമാക്കി സീതത്തോട്, സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽവച്ച് 2013 ഡിസംബർ 23-ാം തീയതി പെൺകുട്ടികൾക്കുവേണ്ടി എപ്പിഫനി 2013 എന്ന പേരിൽ ജീവിതദർശന സെമിനാർ നടത്തപ്പെട്ടു. സീതത്തോട് സബ്ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി 75 പെൺകുട്ടികൾ സെമിനാറിൽ പങ്കെടുത്തു. 'എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുക' എന്നുള്ള ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് പെൺകുട്ടികളെ പുതുവർഷത്തേക്ക് പ്രത്യേകമായി ഒരുക്കുകയും ചെയ്തു. സെമിനാറിന് ഫാ. തോമസ് ഇട്ടിക്കാലായിൽ നേതൃത്വം നൽകുകയും സിസ്റ്റർ പൂജ, സിസ്റ്റർ സെലസ്റ്റാ, സിസ്റ്റർ പവിത്ര എന്നീ ബഥനി സിസ്റ്റേഴ്സ് ക്ലാസുകൾ നയിക്കുകയും ചെയ്തു.

## ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു

പത്തനംതിട്ട രൂപതയുടെ പുതുവർഷത്തിന്റെ പുതുസംരംഭമാണ് മാർ ക്രിസോസ്റ്റം ആർട്സ് & സയൻസ് കോളേജ്. പുതുവർഷദിനമായ 2014 ജനുവരി 1-ാം തീയതി വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത അടിസ്ഥാനശില സ്ഥാപിച്ചു. കൂദാശാ കർമ്മത്തിൽ രൂപതയുടെ മുഖ്യ വികാരി ജനറാൾ മോൺ. ജോസ് ചാമക്കാലായിൽ, ഫാ. ബെന്നി നാരകത്തിനാൽ, ഫാ. മാത്യു പേഴുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകി. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ബഹുമാനപ്പെട്ട വൈദികരും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സും കൂദാശാകർമ്മത്തിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.



### ബഥനി ശാന്തിസദൻ

ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പത്തനംതിട്ട പ്രോവിൻസിന്റെ കടമ്മനിട്ട ബഥനി മഠത്തോട് ചേർന്ന് *"ബഥനി ശാന്തി സദൻ"* എന്ന പേരിൽ അശരണരും നിരാലംബരുമായ വൃദ്ധ സ്ത്രീകൾക്ക് ഒരു സംരക്ഷണകേന്ദ്രവും അതോടനുബന്ധിച്ച് ഒരു പാലി യേറ്റീവ് കെയർ സെന്ററും സമാരംഭിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപന ത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 2014 ജനുവരി 10-ാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ബഹു. ശ്രീ. ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യുന്നതാണ്.

### യൂറോപ്പ് തീർത്ഥാടനം

2014 ഏപ്രിൽ 27-ന് റോമിൽ നടക്കുന്ന ജോൺ 23-ാമൻ, ജോൺപോൾ രണ്ടാമൻ എന്നീ മാർപാപ്പാമാരുടെ വിശുദ്ധ പദവി പ്രഖ്യാ പന ചടങ്ങിലേക്ക് മലങ്കര കത്തോലിക്കാസഭയ്ക്കുവേണ്ടി തീർത്ഥാ ടന യാത്രയുടെ ക്രമീകരണം ചെയ്യുന്നു. 2014 ഏപ്രിൽ 25-ാം തീയതി യാത്ര തിരിക്കുന്ന ഈ പുണ്യയാത്രയിൽ ഇറ്റലി, റോം, വത്തിക്കാൻ, ഫ്രാൻസ്, സ്പെയ്ൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾകൂടി സന്ദർശിക്കുന്നു. 13 ദിവസം നീണ്ടു നിൽക്കുന്ന ഈ തീർത്ഥാടന യാത്രയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

ഫാ. ജോസഫ് കുരുമ്പിലേത്ത് (വകയാർ) 9447393493

റിയാ ഹോളീഡേയ്സ് 9562700151, 9562710554

## വിശ്വാസപരിശീലന കാര്യാലയം

### വിശ്വാസോത്സവം 2013

വിശ്വാസപരിശീലനത്തിന കാര്യാലയത്തിന്റെ രൂപതാ കലോ ത്സവം 2013 ഡിസംബർ 28-ാം തീയതി രാവിലെ 9 ന് ആര്യഭാരതി ഹൈസ്കൂൾ, ഓമല്ലൂർ വച്ച് നടത്തപ്പെട്ടു. മത്സരങ്ങളിൽ കുട്ടികളുടെ പ്രകടനങ്ങൾ ഏറെ വിജയപ്രദമായിരുന്നു. വൈദിക ജില്ലാ ക്രമത്തിൽ കോന്നി, റാന്നി-പെരുനാട്, പന്തളം, പത്തനംതിട്ട വൈദിക ജില്ലകൾ യഥാക്രമം 1, 2, 3, 4 സ്ഥാനങ്ങൾക്ക് അർഹരായി. വിജയികൾക്ക് രൂപ തയുടെ അഭിനന്ദനങ്ങൾ.

### കവർ പിരിവും സ്തോത്രകാഴ്ചയും

ഓരോ ജില്ലയിൽ നിന്നും കവർ പിരിവും സ്തോത്രകാഴ്ചയും തരാത്ത പള്ളികൾ എത്രയെന്ന് ചുവടെ ചേർക്കുന്നു. കോന്നി - 8, റാന്നി പെരുന്നാട് - 7, പന്തളം - 4, പത്തനംതിട്ട - 3.

സ്നേഹദീപത്തിന്റെ അടുത്ത ലക്കത്തിൽ പള്ളികളുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

### ഫീദെസ് 2013

വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് ഒരു മെഗാക്വിസ്, ഫീദെസ് 2013 പത്തനംതിട്ട രൂപത വിശ്വാസപരിശീലന കാര്യാലയം ക്രമീകരിച്ചു. *രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ* പഠന വിഷയമായി നൽകിയ മെഗാക്വിസ് 2013 ഡിസംബർ 22-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം ഓമല്ലൂർ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു.

### ലേഖന മത്സരം 2013 – 14

വിശ്വാസ വർഷ സമാപനത്തോടനുബന്ധിച്ച് പത്തനംതിട്ട രൂപതയിലെ സൺഡേസ്കൂൾ അദ്ധ്യാപകർക്കായി ലേഖന മത്സരം പത്തനംതിട്ട രൂപത വിശ്വാസപരിശീലന കാര്യാലയം ക്രമീകരിച്ചു. *സഭയിൽ അത്മായരുടെ വിശ്വാസജീവിതവും പ്രേഷിതദൗത്യവും* എന്ന വിഷയത്തെ ആസ്പദമാക്കിയ ലേഖനമത്സരം 2013 ഡിസംബർ 22-ാം തീയതി ഓമല്ലൂർ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു.

## എം.സി.വൈ.എം.

### ബേത്‌ലഹേം 2013

എംസിവൈഎം-ന്റെയും മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ കൊക്കാത്തോട് മലങ്കര കത്തോലിക്കാ ദൈവാലയ അങ്കണത്തിൽ വച്ച് ഡിസംബർ 21-ാം തീയതി ശനിയാഴ്ച 10.30ന് പ്രമുഖ രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക, നേതാക്കളുടെയും മഹനീയ സാന്നിധ്യത്തിൽ ആദിവാസികൾക്ക് ക്രിസ്മസ് കിറ്റ് വിതരണം ചെയ്തു. ഈ



പരിപാടിയിൽ രൂപതയിലെ യുവജനങ്ങ ളുടെ സാന്നിധ്യ സഹ കരണങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

### കലണ്ടർ പ്രകാശനം



2013 ഡിസംബർ 29-ാം തീയതി അരമന ചാപ്പലിൽ വച്ച് പത്തനം തിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ എം.സി. വൈ.എം. പുതുതായി തയ്യാറാക്കിയ ബൈബിൾ കലണ്ടർ പ്രകാശനം ചെയ്തു.

### ഭദ്രാസന വാർഷിക സെനറ്റും തെരെഞ്ഞെടുപ്പും

എംസിവൈഎം പ്രസ്ഥാനത്തിന്റെ ഭദ്രാസന വാർഷിക സെനറ്റും, 2014-2016 വർഷങ്ങളിലേക്ക് പ്രസ്ഥാനത്തെ നയിക്കേണ്ട ഭാരവാഹിക ളുടെ തെരെഞ്ഞെടുപ്പും മുണ്ടുകോട്ടയ്ക്കൽ സെന്റ് ബേസിൽ കപ്പൂ ച്ചിൻ ആശ്രമത്തിൽ വച്ച് ഡിസംബർ 28-ാം തീയതി നടത്തപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് രൂപതയുടെ ആശംസകൾ.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികളുടെ പേരു കൾ ചുവടെ ചേർക്കുന്നു.



പ്രസിഡന്റ് ശ്രീ. ഷിജോ.വി.വർഗ്ഗീസ് , ജനറൽ സെക്രട്ടറി ശ്രീ. ജെസ്സൻ മാത്യു കയ്യാലക്കൽ , ട്രഷറാർ ശ്രീ . അജോ സി ജോൺ, വൈസ്.പ്രസിഡന്റ് ശ്രീ. ബിജു മാത്യു, വൈസ്.പ്രസിഡന്റ് കുമാരി. എലിസബത്ത് ബർസോം, സെക്രട്ടറി കുമാരി. റോജി കെ എസ്സ്, സെക്രട്ടറി ശ്രീ.ജിഫിൻ സാം , കെ സി വൈ എം സിൻഡിക്കേറ്റ് ഗ്ലീസാ മറിയം ജോയി, കെ സി വൈ എം സിൻഡിക്കേറ്റ് ശ്രീ. റെന്നി രാജ്, കെ സി വൈ എം സെനറ്റ് കുമാരി സിബിലി മറിയം തമ്പി.

2013 വർഷത്തെ എം.സി.വൈ.എം. യൂണിറ്റിന്റെ ***രൂപതാതലത്തിലുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം*** ചുവടെ ചേർക്കുന്നു.

**മൂന്നാമത് വാർഷിക സെനറ്റ് സമ്മേളനം**

മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ 2012 പ്രവർത്തനവർഷത്തെ വിലയിരുത്തുവാനുള്ള മൂന്നാമത് വാർഷിക സെനറ്റ് സമ്മേളനം 2012 ഡിസംബർ 26 ാം തീയതി രാവിലെ 8.30ന് ജപമാല പ്രാത്ഥനയോടുകൂടി ആരംഭിച്ചു. മൂന്നാമത് വാർഷിക സെനറ്റ് സമ്മേളനം പത്തനംതിട്ട രൂപതാ മുഖ്യ വികാരി ജനറാൾ മോൺ.ജോസ് ചാമക്കാലയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ഷിജോ. വി . വർഗ്ഗീസ് അധ്യക്ഷനായിരുന്ന സമ്മേളനത്തിന് രൂപതാ ജനറൽ സെക്രട്ടറി സ്കോട്ട് സ്ലീബാ പുളിമൂടൻ സ്വാഗതവും രൂപതാ വൈസ്.പ്രസിഡന്റ് ജസൻ മാത്യു നന്ദിയും അറിയിച്ചു.രൂപതാ ഡയറക്ടർ ഫാ.വർഗ്ഗീസ് വിളയിൽ ആമുഖസന്ദേശം നൽകി. തുടർന്ന് യുവജനങ്ങളും സഭയും എന്ന വിഷയത്തിൽ ഫാ.ടോം കണ്ണന്താനം ക്ലാസ് നയിച്ചു. വൈദിക ജില്ലാ റിപ്പോർട്ട് അവതരണം നടത്തപ്പെട്ടു. രൂപതാ വൈസ്.പ്രസിഡന്റ് ജസൻ മാത്യു അധ്യക്ഷനായിരുന്നു. യുവജനപ്രസ്ഥാനത്തിന്റെ 2012 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി സ്കോട്ട് സ്ലീബാ പുളിമൂടൻ അവതരിപ്പിച്ചു.പ്രസിഡന്റ് ഷിജോ. വി . വർഗ്ഗീസ് അധ്യക്ഷനായിരുന്നു. തുടർന്ന് 2012 പ്രവർത്തനവർഷത്തെ വരവു ചെലവു കണക്കുകൾ രൂപതാ ട്രഷാർ അജോ. സി .ജോൺ അവതരിപ്പിച്ചു.സെനറ്റ് പാസാക്കി. സംഘടനാ ചർച്ചയൊടും ദേശീയ ഗാനത്തോടും കൂടി കർമ്മപഥത്തിൽ തീഷ്ണതയോടെ മുന്നേറാമെന്ന ദൃഡപ്രതിജ്ഞയോടെ സെനറ്റ് സമ്മേളനം പിരിഞ്ഞു.

**കെ.സി. വൈ. എം വാർഷിക സെനറ്റ്**

കെ.സി.വൈ.എം. സെനറ്റ് സമ്മേളനം 2013 ജനുവരി 3, 4, 5 തീയതികളിൽ കോട്ടയത്ത് വച്ച് നടത്തപ്പെട്ടു. രൂപതാ പ്രതിനിധികൾ പങ്കെടുത്തു. രുപതാ പ്രവർത്തന റിപ്പോർട്ട് സ്കോട്ട് സ്ലീബാ പുളിമൂടൻ

അവതരിപ്പിച്ചു.തുടർന്ന് നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ രുപതയുടെ കെ.സി.വൈ.എം സിൻഡിക്കേറ്റ് അംഗം റെന്നി രാജിനെ കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. റെന്നി രാജിന് പത്തനംതിട്ട രൂപതയുടെ ആശംസകളും പ്രാർത്ഥനകളും.

## കർമ്മപദ്ധതി ഉദ്ഘാടനവും കരുതൽ വിവാഹധനസഹായ സമർപ്പണവും

വിശ്വാസത്തോടെ കർമ്മപഥത്തിൽ മുന്നേറുവാൻ യുവതയുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകിക്കൊണ്ട് 2013 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനവും *'കരുതൽ 2012'* ന്റെ സമാഹരിച്ചതുക അഭിവന്ദ്യ പിതാവിന് സമർപ്പണവും, കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റെന്നി രാജിനും സഭാതല സമിതിയുടെ ഉപാധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി ജെബി . പി .ജോണിനും അനുമോദനവും കുമ്പഴ മലങ്കര കത്തോലിക്കാ ദേവാലയത്തിൽവെച്ച് 2013 ഫെബ്രുവരി 17-ാം തീയതി നടത്തപ്പെട്ടു. രൂപതയുടെ ആനിമേറ്റർ സിസ്റ്റർ ലീനാ പതാക ഉയർത്തിയതോടെ ചടങ്ങുകൾക്ക് തിരശ്ശീല ഉയർന്നു. കർമ്മപദ്ധതി ഉദ്ഘാടനവും കർമ്മപദ്ധതി രൂപതാ പ്രസിഡന്റിന് നൽകി കർമ്മപദ്ധതി പ്രകാശനവും രൂപതാ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത നിർവ്വഹിച്ചു. കെ.സി. വൈ. എം സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട റെന്നി രാജിനേയും സഭാതല സമിതിയുടെ ഉപാധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി ജെബി . പി .ജോണിനേയും അഭിവന്ദ്യ പിതാവ് ഉപഹാരം നൽകി ആദരിച്ചു. *കരുതൽ 2012* യെന്നപേരിൽ സമാഹരിച്ച വിവാഹധനസഹായം രൂപതാ ഡയറക്ടർ ഫാ.വർഗീസ് വിളയിൽ പിതാവിന് കൈമാറി. ഷിജോ വി വർഗീസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ജനറൽ സെക്രട്ടറി സ്കോട്ട് സ്ലീബാ പുളിമൂടൻ സ്വാഗതവും രൂപതാ വൈസ് പ്രസിഡന്റ് ജെസൻ മാത്യു നന്ദിയും അറിയിച്ചു. കർമ്മപദ്ധതി ഉദ്ഘാടനത്തോട്നുബന്ധിച്ച് നടന്ന *'ഉത്ഥിതന്റെ സാക്ഷികൾ'* എന്ന സെമിനാറിൽ സഭാതല സമിതി ഡയറക്ടർ ഫാ. തോമസ് കയ്യാലക്കൽ ക്ലാസ് നയിച്ചു ഫാ. തോമസ് കയ്യാലക്കലിന് ഷിജോ വി വർഗീസ് സ്വാഗതവും, ജെസൻ മാത്യു നന്ദിയും അറിയിച്ചു. ദേശീയഗാനത്തോടുകൂടി സമ്മേളനത്തിന് തീരശ്ശീല വീണു. എത്തിച്ചേർന്ന എല്ലാ യുവജനങ്ങൾക്കും ആഥിദേയത്വമരുളിയ കുമ്പഴ യൂണിറ്റിനും ഹൃദയം നിറഞ്ഞ നന്ദി. കർമ്മപദ്ധതി ഉദ്ഘാടനത്തിന് 228 യുവജനങ്ങൾ പങ്കെടുത്തു.

## ഐഡന്റിറ്റി കാർഡ് ക്യാമ്പയിൻ

കൂടുതൽ യുവജനങ്ങളെ എം.സി. വൈ. എം. ന്റെ അംഗങ്ങളാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഫെബ്രുവരി, മാർച്ച്,

ഏപ്രിൽ മാസങ്ങളിൽ നാലു ജില്ലകളിലായി ഐഡന്റിറ്റി കാർഡ് ക്യാമ്പയിൻ നടത്തപ്പെട്ടു. വിവിധ യൂണിറ്റുകൾ നൽകിയ ഐഡന്റിറ്റി കാർഡ് അപേക്ഷ ഫോറം ജില്ലാഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ രൂപതാ ഭാരവാഹികൾ ഏറ്റുവാങ്ങി, നേതൃത്വംകൊടുത്ത ജില്ലാസമിതികൾക്ക് അഭിനന്ദനങ്ങൾ.

## കുരിശിന്റെ വഴി

*'ക്രിസ്തുവിന്റെ പീഢാസഹനവും കുരിശുമരണവും അനുസ്മരിച്ചു പ്രാർത്ഥിക്കുക'* എന്ന ഉദ്ദേശത്തോടുകൂടി മാർച്ച് മാസം 17-ാം തീയതി കുരിശിന്റെ വഴി നടത്തപ്പെട്ടു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി കുരിശിന്റെ വഴി ഉദ്ഘാടനം ചെയ്തു. ധ്യാന ചിന്തകൾ നൽകികൊണ്ട് കാഞ്ഞിരപ്പള്ളി രൂപതാ മോൺ.ജോസ് പുളിക്കൻ സംസാരിച്ചു രൂപതാ മുഖ്യ വികാരി ജനറാൾ മോൺ.ജോസ് ചാമക്കാലയിൽ, മോൺ.ചാക്കോ തടത്തിൽ കത്ത്രീഡൽ വികാരി ഫാ. ജോൺ തുണ്ടിയത്ത്, രൂപതാ ഡയറക്ടർ ഫാ.വർഗീസ് വിളയിൽ എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് കത്ത്രീഡൽ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച കുരിശിന്റെ വഴി ൗൺ ചുറ്റി മേരിമാതാ കത്തോലിക്കാ ദൈവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് മോൺ. ജോസ് ചാമക്കാലയിൽ സമാപന സന്ദേശം നൽകി.രൂപതാ ഭാരവാഹികൾ, ജില്ലാഭാരവാഹികൾ, നിരവധി അല്മായർ എന്നിവർ പങ്കെടുത്തു. എല്ലാവർക്കും നന്ദി. കുരിശിന്റെ വഴിയിൽ ഫോള്ട്ടിന് നേതൃത്വം കൊടുത്ത കത്ത്രീഡൽ യൂണിറ്റിന് ഹൃദയം നിറഞ്ഞനന്ദി.

## ഹൃദയം നിറഞ്ഞ നന്ദിയോടെ...

മൂന്നു വർഷക്കാലം രൂപതയുടെ സിസ്റ്റർ ആനിമേറ്ററായി സേവനമനഷ്ടിച്ച് പുതിയ പ്രവർത്തന പന്ഥാവിലേക്ക് യാത്രയാകുന്ന സിസ്റ്റർ ലീനാ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ വികാരനിർഭരമായ യാത്രയയപ്പ് നൽകപ്പെട്ടു. രൂപതയുടെ ഉപഹാരം രൂപതാ ഡയറക്ടർ ഫാ.വർഗീസ് വിളയിൽ സമർപ്പിച്ചു. രൂപതാ പ്രസിഡന്റ് ഷിജോ വി. വർഗ്ഗീസ് പ്രസ്ഥാനത്തിന്റെ നന്ദിയറിയിച്ച് സംസാരിച്ചു. പ്രവർത്തനങ്ങളിൽ ഞങ്ങളൊടൊപ്പമുണ്ടായിരുന്ന ലീനാ സിസ്റ്ററിന് എം.സി.വൈ.എം പ്രസ്ഥാനത്തിന്റെയും രുപതാ സമിതിയുടെയും ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു.

## പ്രചോദിനി 2013 വനിതാ സംഗമവും വിവാഹധനസഹായവിതരണവും

*'വനിതകളെ പ്രസ്ഥാനത്തിലെക്ക് അടുപ്പിക്കുക അവരുടെ സുരക്ഷക്ക് പ്രാധാന്യം'* എന്ന ലക്ഷ്യത്തൊടുകൂടി പ്രചോദിനി 2013 എന്നപേരിൽ വനിതാസംഗമവും വിവാഹധനസഹായവിതരണവും മെയ്

11- ാം തീയതി കാരയ്ക്കാട് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രൂപതാ വികാരി ജനറാൾ മോൺ.ചാക്കോ തടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ഷിജോ. വി . വർഗ്ഗീസ് അധ്യക്ഷനായിരുന്നു. രൂപതാ വൈസ്.പ്രസിഡന്റ് ജസൻ മാത്യു സ്വാഗതവും റെന്നി രാജ് നന്ദിയും അറിയിച്ചു. രൂപതാ ഡയറക്ടർ ഫാ.വർഗ്ഗീസ് വിളയിൽ ആമുഖസന്ദേശം നൽകി. തുടർന്ന് പത്തനംത്തിട്ട മുൻസിപ്പൽ കൗൺസിലർ ശ്രീമതി. ജെസ്സി വർഗീസ് സ്ത്രീകളും സുരക്ഷയും എന്നവിഷയത്തിലും അഡ്വ. വി. ആർ. സോജി സ്ത്രീകളും നിയമപരിരക്ഷയും എന്നവിഷയത്തിലും ക്ലാസ് നയിച്ചു.തുടർന്ന് നടത്തപ്പെട്ട സമാപന സമ്മേളനം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഷിജോ. വി . വർഗ്ഗീസ് അധ്യക്ഷനായിരുന്നു.അഭിവന്ദ്യ പിതാവ് ഇലന്തൂർ, തേക്കുതോട് എന്നീ യൂണിറ്റിലെ രണ്ട് വനിതകൾക്ക് വിവാഹധനസഹായംവിതരണം ചെയ്തു. മൂന്നു വർഷക്കാലം പ്രസ്ഥാനത്തിന്റെ ഡയറക്ടറായി സേവനമനഷ്ടിച്ച് പുതിയ പ്രവർത്തനത്തിലേക്ക് യാത്രയാകുന്ന ഫാ.വർഗീസ് വിളയിലിനെ പ്രസ്ഥാനത്തിന്റെ ആദരവായി പൊന്നാടയണിയിച്ച് ആദരിക്കുകയും പ്രസ്ഥാനത്തിന്റെ ഉപഹാരം അഭിവന്ദ്യ പിതാവ് സമർപ്പിക്കുകയും ചെയ്തു. ഷിജോ. വി . വർഗ്ഗീസ് വിളയിലച്ചന് നന്ദിയറിയിച്ച് സംസാരിച്ചു. പ്രസ്ഥാനത്തിന്റെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. സെബാസ്റ്റ്യൻ കിഴക്കെതിലിനെയും പുതിയ രൂപതാ സിസ്റ്റർ ആനിമേറ്റർ ഐറിൻ കണ്ണന്താനത്തെയും പ്രസ്ഥാനത്തിലെക്ക് സ്വാഗതം ചെയ്തു. കർമ്മവീഥിയിൽ ഒപ്പമുണ്ടായിരുന്ന വിളയിലച്ചന് യുവജനസഭയുടെ ഹൃദയം നിറഞ്ഞനന്ദി. ആതിഥേയത്വമരുളിയ കാരയ്ക്കാട് യുണിറ്റിനും നന്ദിയറിയിക്കുന്നു.

## 'പച്ചപ്പ് – 2013' പരിസ്ഥിതിദിനാഘോഷം

*പ്രകൃതിയുടെ നൻമനിറഞ്ഞ പഴയകാലത്തിലേക്ക് തിരികെ പോകുക* എന്ന ലക്ഷ്യത്തോടെയും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കാൻ യുവജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തൊടെയും *'പച്ചപ്പ് 2013'* എന്നപേരിൽ പരിസ്ഥിതി ദിനാഘോഷം 2013 ജൂൺ 1-ന് തണ്ണിത്തോട് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. രൂപതയുടെ സിസ്റ്റർ ആനിമേറ്റർ ഐറിൻ കണ്ണന്താനം പതാക ഉയർത്തിയതോടുകൂടി 'പച്ചപ്പ് 2013' സമാരംഭിച്ചു. കോന്നി റെയിഞ്ച് ഓഫീസർ ഡി.രാഹുൽ ഉദ്ഘാടനം ചെയ്തു. ഷിജോ. വി . വർഗ്ഗീസ് അധ്യക്ഷനായിരുന്നു. രൂപതാ വൈസ് പ്രസിഡന്റ് ജസൻ മാത്യു സ്വാഗതവും രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കിഴക്കെതിൽ ആമുഖസന്ദേശം നൽകി. രൂപതാ ജനറൽ

സെക്രട്ടറിയായിരുന്ന സ്കോട്ട് സ്ലീബാ പുളിമൂടൻ വൈദിക പരിശീലത്തിന് പോകുന്നതിനാൽ രൂപതാ എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ഉപഹാരം രൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ സമർപ്പിച്ചു.എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സഹയാത്രികനായിരുന്ന സ്കോട്ടിന് യുവജനപ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞനന്ദി. തുടർന്ന് പരിസ്ഥിയും മനുഷ്യനും എന്നവിഷയത്തിൽ ഡി.രാഹുൽ ക്ലാസ് നയിച്ചു. പരിസ്ഥിതിയെ കുറിച്ച് അറിവുനൽകുവാൻ യൂണിറ്റിന്റെ അസി.ഡയറക്ടർ ഫാ. ബഥേൽ ഡാനിയേൽ പരിസ്ഥിതി ക്വിസ് നടത്തി. പ്രത്യേകം ക്രമീകരിച്ചിരുന്ന ഓപ്പൺ ക്യാൻവാസ് ചിത്രം വരച്ചുകൊണ്ട് രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. യുണിറ്റിന്റെ നേതൃത്വത്തിൽ വൃക്ഷതൈ വിതരണം നടന്നു. *പച്ചപ്പ് - 2013* ൽ 138 യുവജനങ്ങൾ പങ്കെടുത്തു. ആതിഥേയത്വമരുളി ആഘോഷങ്ങൾ മനോഹരമാക്കിയ തണ്ണിത്തോട് യുണിറ്റിന് ഹൃദയം നിറഞ്ഞനന്ദിയറിക്കുന്നു.തുടർന്ന് നടത്തപ്പെട്ട സിൻഡിക്കേറ്റ് മീറ്റിങ്ങിൽ ജനറൽ സെക്രട്ടറിയുടെ ഒഴിവുവന്ന സ്ഥാനത്തേക്ക് ഭദ്രാസന വൈസ്. പ്രസിഡന്റ് ജസൻ മാത്യുവിനെ നിർദ്ദേശിച്ചു.

## കൈതാങ്ങ് – പഠനോപകരണവിതരണം

ജീവകാരുണ്യപദ്ധതിയുടെ ഭാഗമായ *'കൈതാങ്ങ്'* പഠനോപകരണവിതരണം ജൂൺ 6 -ാം തീയതി വകയാർ ബഥാനിയാ ബാലഭവനിൽവെച്ച് നടത്തപ്പെട്ടു. കുട്ടികൾക്ക് ആവശ്യമായ പഠനഉപകരണങ്ങൾ രൂപതാ മുഖ്യ വികാരി ജനറാൾ മോൺ.ജോസ് ചാമക്കാലയിൽ വിതരണം ചെയ്തു.

## മാർ ഈവാനിയോസ് ക്വിസ്

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് യുവജനങ്ങൾക്ക് കൂടുതൽ അറിവുനല്കുവാനായി നാല് വൈദിക ജില്ലകളിൽവെച്ച് മാർ ഈവാനിയോസ് ക്വിസ് 2013 ജൂലൈ 6-ാം തീയതി നടത്തപ്പെട്ടു. രൂപതാ തലത്തിൽ കോന്നി വൈദിക ജില്ലയിലെ അട്ടച്ചാക്കൽ യുണിറ്റ് ഒന്നാം സ്ഥാനവും പന്തളം വൈദിക ജില്ലയിലെ ഉളനാട്, മെഴുവേലി വെസ്റ്റ് എന്നി യുണിറ്റുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ആഗസ്റ്റ് 15 -ാം തീയതി വിജയികൾക്ക് സമ്മാനങ്ങൾ രൂപതയുടെ സിസ്റ്റർ ആനിമേറ്റർ ഐറിൻ കണ്ണന്താനം വിതരണം ചെയ്തു. വിജയികൾക്ക് പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

## പദയാത്ര ഒരുക്കധ്യാനം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലെക്കുള്ള തീർത്ഥാടപദയാത്രക്ക് മുന്നോടിയായുള്ള പദയാത്ര

ഒരുക്കധ്യാനം കുരിശുമല ദേവാലയത്തിൽ വച്ച് ജൂലൈ 9 -ാം തീയതി വൈകിട്ട് കുരിശിന്റെ വഴിയോടുകൂടി ആരംഭിച്ചു. പദയാത്ര ഒരുക്കധ്യാനം റാന്നി- പെരുന്നാട് വൈദിക ജില്ലാ ഡയറക്ടർ ഫാ.എബ്രഹാം മേപ്പുറത്ത് നയിച്ചു. ദേശീയ സമിതി ഡയറക്ടർ ഫാ.തോമസ് കയ്യാലക്കൽ രൂപതാ ഭാരവാഹികൾ, നിരവധി യുവജനങ്ങൾ, പദയാത്രികർ എന്നിവർ സംബന്ധിച്ചു.

**35 – ാമത് തീർത്ഥാടന പദയാത്ര...**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 60ാം ഓർമ്മപ്പെരുനാളിനോടനുബന്ധിച്ചുള്ള 35 -ാമത് തീർത്ഥാടപദയാത്ര ജൂലൈ 10 മുതൽ 15 വരെ തീയതികളിൽ മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവയുടെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യ സമുവേൽ മാർ ഐറേനിയോസ്, കെ.സി.ബി.സി യൂത്ത് കമ്മിഷൻ വൈസ്.ചെയർമാൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എന്നി പിതാക്കൻമാരുടെ സഹകാർമ്മികത്വത്തിലും നടന്ന വി.കുർബ്ബാനക്ക് ശേഷം അഭിവന്ദ്യ ബാവാ തിരുമേനി വള്ളികുരിശ് ഭദ്രാസന പ്രസിഡന്റ് ഷിജോ. വി . വർഗ്ഗീസിനും കർമ്മപതാക ഭദ്രാസന ജനറൽ സെക്രട്ടറി ജസൻ മാത്യുവിനും നല്കി പദയാത്ര ആരംഭിച്ചു. തീർത്ഥാടപദയാത്രക്ക് ഫാ. സെബാസ്റ്റ്യൻ കിഴക്കെതിൽ, സി. ഐറിൻ കണ്ണന്താനം, ഷിജോ. വി . വർഗ്ഗീസ്, കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറി റെന്നി രാജ്, എലിസബത്ത് ബർസോം, അജോ.സി ജോൺ എന്നിവർ നേതൃത്വം നൽകി. ആദ്യാവസാനം പങ്കെടുത്ത ഭദ്രാസനഭാരവാഹികൾക്കും യുവജനങ്ങൾക്കും ഭദ്രാസനസമിതിയുടെ ഹൃദയംനിറഞ്ഞനന്ദി.

**അർദ്ധവാർഷിക സെനറ്റ് സമ്മേളനം**

പ്രസ്ഥാനത്തിന്റെ അർദ്ധവാർഷിക പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി പുത്തൻപീടിക മലങ്കര കത്തോലിക്കാ ദൈവാലയത്തിൽവെച്ച് സെനറ്റ് സമ്മേളനം നടത്തപ്പെട്ടു. രൂപതാ മുഖ്യ വികാരി ജനറൾ മോൺ.ജോസ് ചാമക്കാലയിൽ അനുഗ്രഹ സന്ദേശവും രൂപതാ ഡയറക്ടർ റവ.ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ ആമുഖ സന്ദേശവും നൽകി. യുവജനങ്ങളും വിശ്വാസവും എന്ന വിഷയത്തിൽ ബ്ര.ജോൺ ക്ലാസ് നയിച്ചു. വൈദിക ജില്ലകൾ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ റിപ്പോർട്ട് ജനറൽ സെക്രട്ടറി ജെസൻ മാത്യു അവതരിപ്പിച്ചു. പ്രസിഡന്റ് ഷിജോ വി വർഗ്ഗീസ് അദ്ധ്യക്ഷനായിരുന്നു. നാല് വൈദിക ജില്ലയിൽ നിന്നുള്ള സെനറ്റ് അംഗങ്ങൾ പങ്കെടുത്തു.

**തൂലികാ – 2013 രചനാ മത്സരം**

യുവജനങ്ങളുടെ രചനാ പരമായ കഴിവുകളെ വളർത്തിയെടുക്കുന്നതിന് *തൂലികാ 2013* എന്നപേരിൽ രചനാമത്സരങ്ങൾ ജില്ലാതലങ്ങളിൽ നടത്തപ്പെട്ടു.രൂപതാ ഭാരവാഭഹികൾ മത്സരങ്ങൾക്ക് നേതൃത്വം നൽകി. രൂപതാ തലത്തിൽ കോന്നി, റാന്നി – പെരുന്നാട് ,പന്തളം, പത്തനംതിട്ട എന്നിവർ യഥാക്രമം 1,2,3,4 സ്ഥാനങ്ങൾ നേടി.

**സമസ്യ 2013 ക്വിസ് മത്സരവും, പന്ത്രണ്ടാം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് അനുമോദനവും, സ്വാതന്ത്ര്യദിനാഘോഷവും**

ബൈബിൾ ആഴത്തിൽ പഠിക്കുന്നതിനും സഭാതല മത്സരത്തിലേക്ക് മത്സരാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുമായി *'സമസ്യാ 2013'* എന്നപേരിൽ രൂപതാതല ക്വിസ് മത്സരം തട്ട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വെച്ച നടത്തപ്പെട്ടു. ക്വിസ് മത്സരത്തിന് കൊട്ടാരക്കര വൈദിക ജില്ലാ അംഗം പ്രകാശ് അലക്സ് നേതൃത്വം നൽകി. പത്തനംതിട്ട വൈദീക ജില്ലയിലെ ഇലന്തൂർ യൂണിറ്റ് ഒന്നാം സ്ഥാനവും, കോന്നി വൈദിക ജില്ലയിലെ അട്ടച്ചാക്കൽ യൂണിറ്റ്, പന്തളം വൈദിക ജില്ലയിലെ കാരക്കാട് എന്നീ യുണിറ്റുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. വിജയികൾക്ക് രൂപതാ സി. ആനിമേറ്റർ ഐറിൻ കണ്ണന്താനം സമ്മാനങ്ങൾ വിതരണം ചെയ്തു.

**'തുമ്പപ്പു 2013' ഓണാഘോഷം – ജയിൽ, പത്തനംതിട്ട**

ഓണം എല്ലാവർക്കും മാതൃകയായി ആഘോഷിക്കുക. എന്ന ലക്ഷ്യത്തോടെ രൂപതാ സമിതിയുടെ നേതൃത്വത്തിൽ തുമ്പപ്പു 2013 എന്ന പേരിൽ ഓണാഘോഷം പത്തനംതിട്ട ജയിൽവെച്ച് നടത്തപ്പെട്ടു. ജയിൽ സൂപ്രണ്ട് ശ്രീ. വിശ്വനാഥകുറുപ്പ് *തുമ്പപ്പു 2013* ഓണാഘോഷം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ഷിജോ വി വർഗ്ഗീസ് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയർക്ടർ ഫാ.സെബാസ്റ്റ്യൻ കിഴക്കെതിൽ ആമുഖ സന്ദേശവും കോന്നി വൈദിക ജില്ലാ ഡയർക്ടർ ഫാ.ബഥേൽ ഡാനിയേൽ ആശംസയും അറിയിച്ചു. ജയിൽ അന്തേവാസികളുടെ കലാപരിപാടികളും കായികമത്സരങ്ങളും നടത്തപ്പെട്ടു. വിജയികൾക്ക് ജയിൽ സൂപ്രണ്ട് സമ്മാനങ്ങൾ വിതരണം ചെയ്തു. പത്തനംതിട്ട നഗരത്തിന്റെ തെരുവോരങ്ങളിൽ വിവിധ യൂണിറ്റുകളിൽ നിന്ന് ശേഖരിച്ച ഭക്ഷണപ്പൊതി വിതരണം ചെയ്തു. ഓണാഘോഷത്തിൽ 85 യുവജനങ്ങൾ പങ്കെടുത്തു.

**ഛായാചിത്ര പ്രയാണവും, യുവജന കൺവൻഷനും**

മാവേലിക്കര വച്ച് നടത്തപ്പെട്ട പുനരൈക്യ ആഘോഷങ്ങൾക്ക്

തുടക്കം കുറിച്ചുകൊണ്ടുള്ള ഛായാചിത്ര പ്രയാണത്തിൽ റാന്നി -പെരുന്നാട് വൈദിക ജില്ലയിൽ നിന്നുള്ള യുവജനങ്ങളും ജില്ലാ ഡയർക്ടർമാരും പങ്കെടുത്തു. പ്രധാനവേദിയിൽ മാർ ഈവാനിയോസ് പിതാവിന്റെ ഛായാചിത്രം പ്രസിഡന്റ് ഷിജോ വി വർഗ്ഗീസും ജനറൽ സെക്രട്ടറി ജെസൻ മാത്യുവും ചേർന്ന് സമർപ്പിച്ചു. അന്നേദിവസം നടത്തപ്പെട്ട യുവജന കൺവൻഷന് രൂപതയിൽ നിന്ന് 186 യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന നടത്തപ്പെട്ട അന്തർദേശീയ ക്വിസ് മത്സരത്തിൽ രൂപത മൂന്നാസ്ഥാനം തേടി. പങ്കെടുത്ത് വിജയിച്ച ഇലന്തൂർ യൂണിറ്റിന് രൂപതാസമിതിയുടെ അഭിന്ദനങ്ങൾ.

**'സ്മാഷ് 2013' ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ് –**

ഭാഗ്യസ്മരണാർഹനായ ബന്ക്ടിക് മാർ ഗ്രീഗോറിയോസ് പിതാവിനെ അനുസ്മരിക്കുക എന്ന ലക്ഷ്യത്തോടെ *സ്മാഷ്-2013* എന്നപേരിൽ ഷട്ടിൽ ടൂർണമെന്റ് ഇലന്തൂർ മലങ്കര കത്തോലിക്കാ ദൈവാലയ അങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. പത്തനംതിട്ട ജില്ലാ സി.ആനിമേറ്റർ ഹൃദ്യാ എസ്.ഐ.സി *സ്മാഷ്-2013* ഉദ്ഘാടനം ചെയ്തു. ഇലന്തൂർ, ഉള്ളന്നൂർ, വയലത്തല എന്നി യൂണിറ്റുകൾ യഥാക്രമം സ്ഥാനങ്ങൾ നേടി വിജയികളായി. വിജയികൾക്ക് അഭിന്ദനങ്ങൾ.

**യുവജന മഹാസംഗമം അവയവദാന ബോധവത്കരണം – പിസ്തോസ് 2013**

വിശ്വാസവർഷ ആചരണത്തോടനുബന്ധിച്ച് വിശ്വാസത്തിൽ ജ്വലിക്കുന്ന യുവതയെ പണിതുയർത്തുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് *പിസ്തോസ്-2013* (വിശ്വാസി) എന്നപേരിൽ യുവജനസംഗമം ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു. യുവജനങ്ങളുടെ സജീവ പങ്കാളിത്വം കൊണ്ട് സംഗമം ശ്രദ്ധേയമായി പത്തനംതിട്ട ജില്ലാ ഡയർക്ടർ ഫാ. പോൾ നിലയ്ക്കൽ തെക്കേതിലും പന്തളം വൈദിക ജില്ലാ ഡയർക്ടർ ഫാ. ജോഷ്വാ മാവേലിലും നയിച്ച പ്രർത്ഥനയോടുകൂടി സംഗമം ആരംഭിച്ചു. ഉദ്ഘാടന സമ്മേളനം രൂപതാ വികാരി ജനറാൽ മോൺ. ചാക്കോ തടത്തിൽ ഉദ്ഘാടനം ചെയ്തു. എല്ലാവരും മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് വിശ്വാസപ്രഖ്യപനം നടത്തി. വിശ്വാസപ്രമാണം മോൺ. ചാക്കോ തടത്തിൽ ചൊല്ലികൊടുത്തു. റാന്നി -പെരുന്നാട് ജില്ലാ ആനിമേറ്റർ സെലീനാ എസ്.ഐ.സി ബൈബിൽ വായനയും മുൻ രൂപതാ ഡയർക്ടർ ഫാ. വർഗ്ഗീസ് വിളയിൽ എം.സി.വൈ.എം പ്രതിജ്ഞയും, രൂപതാ ലേ ആനിമേറ്റർ സമാധനപ്രാർത്ഥനയും ചൊല്ലികൊടുത്തു. വിശ്വാസം സഭയിലൂടെ എന്ന വിഷയത്തിൻ ഫാ.ടോബി എസ് ജെ ക്ലാസ് നയിച്ചു. അച്ചന് പ്രസ്ഥാനത്തിന്റെ ഉപഹാരം കോന്നി ജില്ലാ ആനിമേറ്റർ സി. ശാന്തി

